മുളംകൂട്ടങ്ങൾ നടീൽ

ഇരിങ്ങാലക്കുട : ലോക പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി കാട്ടൂർ പോംപൈ സെന്റ് മേരീസ് വിഎച്ച്എസ്എസ്, എൻഎസ്എസ് യൂണിറ്റ് കാർബൺ ന്യൂട്രൽ ക്യാംപസ് ആശയം പ്രാവർത്തികമാക്കുന്നതിനോടനുബന്ധിച്ച് മുളംകൂട്ടങ്ങൾ നടീൽ നടത്തി.

പഞ്ചായത്ത് പ്രസിഡന്റ് ടി.വി.ലത ഉദ്ഘാടനം ചെയ്തു. കേരളത്തിലെ എല്ലാ വിഎച്ച്എസ്ഇ എൻഎസ്എസ് യൂണിറ്റുകളിലും നടപ്പാക്കുന്ന ഋതുഭേദ ജീവനം പ്രോജക്റ്റിന്റെ ഭാഗമായിട്ടാണ് പദ്ധതി. പഞ്ചായത്ത് വൈസ് പ്രസിഡന്റ് കമറുദ്ദീൻ, വാർഡ് അംഗം അനീഷ്, പ്രിൻസിപ്പൽ കെ.ബി. പ്രിയ പ്രസംഗിച്ചു.

പരിസ്ഥിതി ദിനാചരണം

ഇരിങ്ങാലക്കുട : .ഭാരതീയ വിദ്യാഭവനിൽ പരിസ്ഥിതി ദിനാചരണത്തോടനുബന്ധിച്ച് വൃക്ഷത്തൈകൾ വിതരണം ചെയ്തു. പ്രകൃതി സംരക്ഷണത്തിന്റെ സന്ദേശം ഉൾക്കൊള്ളുന്ന കവിതകൾ, ഗാനങ്ങൾ, പ്രസംഗം ഉണ്ടായി. ചെയർമാൻ സി.സുരേന്ദ്രൻ, വൈസ് ചെയർമാൻ സി. നന്ദകുമാർ, സെക്രട്ടറി വി.രാജൻ, പ്രിൻസിപ്പൽ ബിജു ഗീവർഗീസ്, വൈസ് പ്രിൻസിപ്പൽ ശോഭ ശിവാനന്ദരാജൻ പങ്കെടുത്തു.

ധനസഹായ വിതരണം

ഇരിങ്ങാലക്കുട : ലയൺസ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ലേഡീസ് ആൻഡ് ലിയോ നൈറ്റ് ഫ്ലോറൽ ഫിയസ്റ്റ നടത്തി. സൗത്ത് സോൺ കൾച്ചറൽ സെന്റർ ഗവേണിങ് ബോർഡ് അംഗം ആശ സുരേഷ് ഉദ്ഘാടനം ചെയ്തു. രോഗികൾക്കുള്ള സൗജന്യ ധനസഹായ വിതരണം ലിയോ ക്ലബ്ബ് പ്രസിഡന്റ് ഏഞ്ചലിൻ ജോൺ നിധിൻ നിർവ്വഹിച്ചു. ലയൺ ലേഡി സർക്കിൾ പ്രസിഡന്റ് റെൻസി ജോൺ നിധിൻ അധ്യക്ഷയായി. ലയൺസ് ക്ലബ്ബ് പ്രസിഡന്റ് അഡ്വ.ജോൺ നിധിൻ തോമസ് മുഖ്യപ്രഭാഷണം നടത്തി. റോണി പോൾ, ഹെനി എബിൻ, റോയ് ജോസ്, ബിജോയ് പോൾ, മനോജ് ഐബൻ, സെക്രട്ടറി മിഡ്‌ലി റോയ്, റിങ്കു മനോജ് പ്രസംഗിച്ചു.

പ്രതിഷ്ഠാദിന മഹോത്സവം

കൊടകര. പൂനിലാർക്കാവ് ദേവി ക്ഷേത്രത്തിൽ പ്രതിഷ്ഠാദിന മഹോത്സവം ആഘോഷിച്ചു പള്ളിയുണർത്തൽ, ഉഷ പൂജ, ശ്രീഭൂതബലി, പഞ്ചാരിമേളം, കളഭാഭിഷേകം ,ഉച്ചപൂജ, പ്രസാദ ഊട്ട് എന്നിവ നടന്നു കാഴ്ച ശിവേലി, മേളം, ദീപാരാധന, ഉണ്ടായി. പഞ്ചാരിമേളത്തിന് കലാമണ്ഡലം ഹരിഷും പഞ്ചവാദ്യത്തിന് കലാമണ്ഡലം മോഹനനും പ്രമാണിമാരായി. ക്ഷേത്രം തന്ത്രിമാരായ തെക്കേടത്ത് പെരുമടപ്പ് ദാമോദരൻ നമ്പൂതിരിയും അഴകത്ത് മനയ്ക്കൽ ഹരി നമ്പൂതിരിയും പൂജകൾക്ക് നേതൃത്വം നൽകി.

അധ്യാപക ഒഴിവ്

ഇരിങ്ങാലക്കുട : കാട്ടൂർ പോംപെ സെന്റ് മേരീസ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിൽ വിഎച്ച്എസ്ഇ വിഭാഗത്തിൽ ദിവസ വേതനാടിസ്ഥാനത്തിൽ വൊക്കേഷണൽ ടീച്ചർ ഇൻ അക്കൗണ്ട്സ് അസിസ്റ്റന്റിന്റെ ഒഴിവുണ്ട്. യോഗ്യതയുള്ളവർ അസൽ സർട്ടിഫിക്കറ്റ് സഹിതം കൂടിക്കാഴ്ചയ്ക്ക്11ന് രാവിലെ 10.30ന് വിഎച്ച്എസ്ഇ ഓഫീസിലെത്തണം.

സർട്ടിഫിക്കറ്റ് പ്രോഗ്രാം

തൃശൂർ: എസ്.ആർ.സി കമ്യൂണിറ്റി കോളെജ് നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ കൗൺസിലിങ് സൈക്കോളജി പ്രോഗ്രാമിന് ഓൺലൈനായി 30 വരെ അപേക്ഷിക്കാം. 18 വയസ് പൂർത്തിയാകണം. ഉയർന്ന പ്രായപരിധിയില്ല. https://app.srccc.in/register എന്ന ലിങ്കിലൂടെ അപേക്ഷിക്കണം. ജില്ലയിലെ പഠനകേന്ദ്രങ്ങൾ - വേ ട്യൂണർ അക്കാദമി, മാരാർ റോഡ്, തൃശൂർ. ഫോൺ: 9188142143, 9846722175. ബെസ്റ്റ് കെയർ കൗൺസിലിങ് ആൻഡ് ലേണിങ് മാനേജ്മെന്റ് സെന്റർ, കാക്കനാട്ട് കോംപ്ലക്സ്, കുണ്ടലിയൂർ പി ഒ, അഞ്ചാംകല്ല്, തൃശൂർ. ഫോൺ: 9746761000.

തിമിര ശസ്ത്രക്രിയ ക്യാംപ്

പേരാമംഗലം: അമല മെഡിക്കൽ കോളെജിൽ സൗജന്യ തിമിര ശസ്ത്രക്രിയ ക്യാംപ് 10ന് രാവിലെ 8 മുതൽ ഉച്ചയ്ക്ക് ഒന്നു വരെ നടത്തും. ഫോൺ: 0487 2304158.

പഴുക്കര എൻഎസ്എൽപി സ്കൂളിലെ പോഷണ തോട്ടം വി.കെ.ശ്രീധരൻ ഫലവൃക്ഷത്തെ നട്ട് ഉദ്ഘാടനം ചെയ്യുന്നു.

ലോക ഭക്ഷ്യ സുരക്ഷാദിനം : പോഷണ തോട്ടത്തിന് തുടക്കം

മാള : ലോക ഭക്ഷ്യ സുരക്ഷാ ദിനത്തോടനുബന്ധിച്ച് പഴുക്കര എൻഎസ്എൽപി സ്കൂളിൽ പോഷണ തോട്ടത്തിന് തുടക്കം കുറിച്ചു. വനമിത്ര പുരസ്കാര ജേതാവും ഇൻസ്പയർ ഇന്ത്യ സെക്രട്ടറിയുമായ വി.കെ. ശ്രീധരൻ ഫലവൃക്ഷത്തൈ നട്ട് ഉദ്ഘാടനം ചെയ്തു. കുട്ടികളിൽ സാധാരണയായി കണ്ടുവരുന്ന രോഗങ്ങളെയും അതിനു പ്രതിവിധിയായി കഴിക്കേണ്ട ഭക്ഷണ സാധനങ്ങളെയും കുറിച്ച് അദ്ദേഹം ക്ലാസെടുത്തു.

വി.കെ.സുരേഷ് ബാബു, പ്രധാന അധ്യാപിക സന്ധ്യാ രാമചന്ദ്രൻ, സീഡ് കോർഡിനേറ്റർ പ്രിൻസി ഫ്രാൻസിസ് പ്രസംഗിച്ചു. ഔഷധസസ്യങ്ങളുടെ പ്രദർശനവും ഉണ്ടായി

കുഴിക്കാട്ടുശേരിയിൽ വിശുദ്ധ മറിയം ത്രേസ്യയുടെ തിരുനാൾ ഇന്ന്

കുഴിക്കാട്ടുശേരി തീർഥാടന കേന്ദ്രത്തിൽ വിശുദ്ധ മറിയം ത്രേസ്യ യുടെ തിരുനാളിന് നേർച്ച ഊട്ടിനുള്ള ഒരുക്കങ്ങൾ നടക്കുന്നു.

മാള: കുഴിക്കാട്ടുശേരി വിശുദ്ധ മറിയം ത്രേസ്യ- ധന്യൻ ഫാ.ജോസഫ് വിതയത്തിൽ തീർഥാടന കേന്ദ്രത്തിൽ വിശുദ്ധയുടെ തിരുനാൾ ഇന്ന് ആഘോഷിക്കും. ഇന്ന് രാവിലെ ആറ് മുതൽ രാത്രി ഏഴ് വരെയുള്ള സമയങ്ങളിൽ തുടർച്ചയായി ദിവ്യബലികൾ നടക്കും.

രാവിലെ 9.30ന് ആഘോഷമായ തിരുനാൾ കുർബാനക്ക് ഇരിങ്ങാലക്കുട രൂപത ബിഷപ്പ് മാർ പോളി കണ്ണൂക്കാടൻ മുഖ്യകാർമികനാകും. ഊട്ടു നേർച്ചയുടെ ആശീർവാദം രാവിലെ 8.30ന് പുത്തൻചിറ സെന്റ് മേരീസ് ഫൊറോന വികാരി ഫാ.വർഗീസ് പാത്താടൻ നിർവഹിക്കും. തുടർന്ന് രാത്രി എട്ട് വരെ നേർച്ച ഭക്ഷണം വിതരണം ചെയ്യും. തിരുനാളിനോടനുബന്ധിച്ചുള്ള പ്രദക്ഷിണം ഉച്ചതിരിഞ്ഞ് മൂന്നിന് ദിവ്യബലിക്കു ശേഷം ആരംഭിക്കും.

വിശുദ്ധ മറിയം ത്രേസ്യയുടെ തിരുശേഷിപ്പും വഹിച്ചുള്ള പ്രദക്ഷിണത്തെ തുടർന്ന് തിരുശേഷിപ്പ് വണക്കം നടക്കും. തിരുനാളിന് ഒരുക്കമായുള്ള നവനാൾ തിരുകർമ്മങ്ങൾ കഴിഞ്ഞ ദിവസങ്ങളിൽ നടന്നു. എട്ടാമിട തിരുനാൾ ആഘോഷം 15ന് നടക്കും. രാവിലെ 10.30ന് ആഘോഷമായ ദിവ്യബലി, പ്രദക്ഷിണം, തിരുശേഷിപ്പ് വണക്കം ഉണ്ടാകും. .

തിരുനാൾ: പാർക്കിങ്ങ് ക്രമീകരണം

മാള: കുഴിക്കാട്ടുശേരി തീർഥാടന കേന്ദ്രത്തിൽ നടക്കുന്ന വിശുദ്ധ മറിയം ത്രേസ്യയുടെ തിരുനാളിനോടനുബന്ധിച്ചുള്ള ഗതാഗത ക്രമീകരണം ഏർപ്പെടുത്തി. തൃശൂർ, കൊടകര ഭാഗത്തുനിന്നു വരുന്ന ബസുകൾ ഉൾപ്പെടെയുള്ള വലിയ വാഹനങ്ങൾ കുഴിക്കാട്ടുശേരി മരിയ തെരേസ ആശുപത്രി ജംഗ്ഷനിൽ നിന്നു വലത്തോട്ട് തിരിഞ്ഞ് മരിയ തെരേസ നേഴ്സിങ് കോളെജിന് സമീപമുള്ള ഗ്രൗണ്ടിൽ പാർക്ക് ചെയ്യണം. ചാലക്കുടി, മാള, അഷ്ടമിച്ചിറ ഭാഗത്ത് നിന്നു വരുന്ന ബസുകൾ കോൾക്കുന്ന് ജംഗ്ഷനിൽ നിന്നു ഇടത്തോട്ട് തിരിഞ്ഞ് സെന്റ് മേരീസ് ഹൈസ്കൂൾ ഗ്രൗണ്ടിൽ പാർക്ക് ചെയ്യേണ്ടതാണ്.

കൊടുങ്ങല്ലൂർ, ഇരിങ്ങാലക്കുട, വെള്ളാങ്കല്ലൂർ ഭാഗത്തുനിന്നു വരുന്ന വലിയ വാഹനങ്ങൾക്ക് സെന്റ് ജോസഫ് പള്ളി ഗ്രൗണ്ടിൽ പാർക്കിങ്ങ് സൗകര്യമുണ്ട്. മൂന്ന്, നാല് ചക്രങ്ങളുള്ള വാഹനങ്ങൾ സെന്റ് മേരീസ് സ്കൂൾ ഗ്രൗണ്ടുകളിൽ പാർക്ക് ചെയ്യണം. ഇരുചക്ര വാഹനങ്ങൾക്ക് തീർഥാടന കേന്ദ്രത്തിന് എതിർവശം സ്കൂൾ ഗ്രൗണ്ടിൽ പാർക്കിംഗ് സൗകര്യം ഒരുക്കിയിട്ടുണ്ട്. കുഴിക്കാട്ടുശേരി ആശുപത്രി ജംഗ്ഷൻ മുതൽ പുത്തൻചിറ ഈസ്റ്റ് സെന്റ് ജോസഫ് പള്ളി വരെ റോഡിന് ഇരുവശവും തീർഥാടന കേന്ദ്രത്തിലേക്കുള്ള വഴികളിലും പാർക്കിംഗ് അനുവദിക്കില്ലെന്ന് തിരുനാൾ കമ്മിറ്റി ഭാരവാഹികൾ അറിയിച്ചു.

കുട്ടിക്കൊരു വീട് പദ്ധതി: താക്കോൽദാനം നാളെ

കൊടകര. കെ.എസ്.ടിഎയുടെ കുട്ടിക്കൊരു വീട് പദ്ധതിക്കുകീഴിൽ കോടാലി ഗവ.എൽ.പി സ്കൂളിലെ നാലാംക്ലാസ് വിദ്യാർഥിക്കായി നിർമിച്ച വീടിന്റെ താക്കോൽ കൈമാറ്റം നാളെ വൈകീട്ട് 3ന് മന്ത്രി ആർ.ബിന്ദു നിർവഹിക്കും. കെ.കെ.രാമചന്ദ്രൻ എം.എൽ.എ അധ്യക്ഷത വഹിക്കും. വാർത്താസമ്മേളനത്തിൽ സംഘാടക സമിതി ചെയർമാനും മറ്റത്തൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമായ അശ്വതി വിബി, കെ.എസ്.ടി.എ സംസ്ഥാന സമിതിയംഗം പി.സി.സിജി, ജില്ലാസമിതിയംഗം സി.ജി.മുരളീധരൻ, പി.എസ്.പ്രശാന്ത് പങ്കെടുത്തു.

രേഖ ഷാന്റി മാള ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്

മാള : ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റായി സി.പി.ഐ. പ്രതിനിധി രേഖ ഷാന്റിയെ തെരഞ്ഞെടുത്തു. എതിർ സ്ഥാനാർഥി കോൺഗ്രസിലെ സിൽവി സേവ്യറിന് മൂന്നും രേഖ ഷാന്റിക്ക് എട്ടും വോട്ടുകൾ ലഭിച്ചു. നിലവിലെ 13 അംഗങ്ങളിൽ2 പേർ വോട്ടെടുപ്പിന് എത്തിയില്ല. സി.പി.എം, സി.പി.ഐ ധാരണപ്രകാരം നിലവിലെ പ്രസിഡന്റ് സന്ധ്യാനൈസൺ സ്ഥാനം ഒഴിഞ്ഞതിനെ തുടർന്നാണ് തെരഞ്ഞെടുപ്പ് നടത്തിയത്.

ഫയർ സിസ്റ്റം ഉപകരണങ്ങൾ നഷ്ടപ്പെട്ട സംഭവം: നഗരസഭാ കൗൺസിലിൽ ഭരണ -പ്രതിപക്ഷ ബഹളം

ചാലക്കുടി: ഇൻഡോർ സ്റ്റേഡിയത്തിലെ ഫയർ സിസ്റ്റത്തിലെ ഉപകരണങ്ങൾ നഷ്ടപ്പെട്ട സംഭവത്തിൽ നഗരസഭാ കൗൺസിൽ യോഗത്തിൽ ഭരണ -പ്രതിപക്ഷ ബഹളം. അജണ്ട വെച്ച് വിഷയം ചർച്ച ചെയ്യണമെന്ന പ്രതിപക്ഷാവശ്യമാണ് യോഗത്തിൽ ബഹളത്തിന് കാരണമായത്.

ഇൻഡോർ സ്റ്റേഡിയത്തിലെ ഫയർ സിസ്റ്റത്തിലെ ഉപകരണങ്ങൾ നഷ്ടപ്പെട്ട സംഭവവുമായി ബന്ധപ്പെട്ട കേസന്വേഷണം കൃത്യമായി നടക്കുന്നുണ്ടെന്നും കൗൺസിൽ ആവശ്യമായ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ടെന്നും ചെയർമാൻ എബി ജോർജജ് അറിയിച്ചു. വിവിധ ആവശ്യങ്ങളുമായി ബന്ധപ്പെട്ട് നഗരസഭയിൽ നൽകിയിട്ടുള്ള അപേക്ഷകളിൽ തീർപ്പ് കൽപ്പിക്കാതെ കിടക്കുന്നവ പരിഹരിക്കുന്നതിന് 25ന് ഫയൽ അദാലത്ത് സംഘടിപ്പിക്കും.

കെട്ടിട നിർമാണ പെർമിറ്റ്, നമ്പർ നൽകൽ, ലൈസൻസ് തുടങ്ങിയ ആവശ്യങ്ങളിൽ ഇനിയും സേവനം ലഭിക്കാത്തവർ 15നകം നഗരസഭയിൽ ഇത് സംബന്ധിച്ച അപേക്ഷ നൽകണം. മാർക്കറ്റ് വികസന പ്രവർത്തനത്തിനുള്ള നടപടികൾ വേഗത്തിലാക്കാൻ സബ്ബ് കമ്മിറ്റി രൂപീകരിച്ചു. ആയുഷ് ആശുപത്രി നിർമാണവുമായി ബന്ധപ്പെട്ട് നഗരസഭ വിട്ട് നൽകിയിട്ടുള്ള 60 സെന്റ് സ്ഥലത്തിന്റെ അതിർത്തി നിർണയിച്ചു നൽകാനും നഗരസഭ പുതുതായി നൽകാൻ നിശ്ചയിച്ചിട്ടുള്ള 10 സെന്റ് ഭൂമിയിൽ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിന് എൻഒസി നൽകാനും തീരുമാനമായി. നഗരസഭയുടെ പിഎംഎവൈ പദ്ധതിയിലെ 11-ാം ഘട്ട ഡിപിആർലേക്ക് 10 ലൈഫ് ഇതര ഗുണഭോക്താക്കളെ കൂടി ഉൾപ്പെടുത്താൻ തീരുമാനിച്ചു.

സൗത്ത് ബസ് സ്റ്റാന്റ് കോമ്പൗണ്ടിൽ അനധികൃതമായി പാർക്ക് ചെയ്യുന്ന മറ്റ് വാഹനങ്ങൾക്കെതിരേ നിയമനടപടികൾ സ്വീകരിക്കും. ചെയർമാൻ എബി ജോർജ്ജ് അധ്യക്ഷത വഹിച്ചു.

ജീസസ് ട്രെയിനിങ്ങ് കോളെജിൽ നടത്തിയ മെഡിക്കൽ ക്യാംപ് എക്സി.ഡയറക്റ്റർ ഫാ.ബിനോയ് കോഴിപ്പാട്ട് ഉദ്ഘാടനം ചെയ്യുന്നു.

മെഡിക്കൽ ക്യാംപ് നടത്തി

മാള : മാള ജീസസ് ട്രെയിനിംഗ് കോളെജും അഷ്ടമിച്ചിറ ലയൺസ് ക്ലബ്ബും സംയുക്തമായി അപ്പോളോ അഡ് ലക്സ് ഹോസ്പിറ്റലിന്റേയും ഗുരുധർമ്മ ഹോസ്പിറ്റലിന്റേയും സഹകരണത്തോടെ ജീസസ് ട്രെയിനിങ്ങ് കോളെജിൽ മെഡിക്കൽ ക്യാംപ് നടത്തി. കോളെജ് എക്സി.ഡയറക്റ്റർ ഫാ.ബിനോയ് കോഴിപ്പാട്ട് ഉദ്ഘാടനം ചെയ്തു. കോളെജ് പ്രിൻസിപ്പൽ ഡോ.ജസ്ന പി.വാരിജൻ അധ്യക്ഷത വഹിച്ചു. ലയൺസ് ക്ലബ്ബ് കോഡിനേറ്റർ സാജു ആന്റണി പത്താടൻ മുഖ്യപ്രഭാഷണം നടത്തി. അഷ്ടമിച്ചിറ ലയൺസ് ക്ലബ്ബ് പ്രസിഡന്റ് എം.കെ.രവി, ഗുരുധർമ്മ ഹോസ്പിറ്റൽ ഫെസിലിറ്റേറ്റർ വി.ആർ.ഡിങ്കൻ, റേന്നിയ കുരുവിള പ്രസംഗിച്ചു. ജനറൽ മെഡിസിൻ, ഇഎൻടി, ഓർത്തോ, ഡെന്റൽ, ഡയറ്റീഷ്യൻ, ഗൈനക്കോളജി വിഭാഗങ്ങളിൽ ഡോക്ടർമാർ രോഗികളെ പരിശോധിച്ചു. ഇസിജി, രക്ത പരിശോധനയും സൗജന്യമായി നടത്തി.

വീട്ടു കിണറിൽ പുലി വീണു

ചാലക്കുടി: അതിരപ്പിള്ളി കണ്ണൻകുഴിയിൽ ജനവാസ മേഖലയിലെ കിണറിൽ പുലി വീണു. കണ്ണൻകുഴി കോളനിക്ക് സമീപം താമസിക്കുന്ന പീഡക്കേരി ഷിബു ചാലിയുടെ വീട്ടിലെ കിണറിലാണ് ഇന്നലെ പുലർച്ചെ പുലി വീണത്. ഇരതേടി ഇറങ്ങിയ പുലി പട്ടിയെ പിടികൂടാൻ ചാടുന്നതിനിടയിൽ സമീപത്തെ കിണറിൽ വീഴുകയായിരുന്നു. പട്ടിയുടെ കുര കേട്ട് വീട്ടുകാർ നോക്കിയപ്പോഴാണ് കിണറിൽ പുലി വീണത് കണ്ടത്. ഒരാൾ പൊക്കത്തിൽ വെള്ളമുള്ള പത്ത് മീറ്ററിലധികം താഴ്ചയുള്ള കിണറ്റിൽ വീണ പുലിയെ വനം വകുപ്പ് ആർആർടി സംഘവും വാഴച്ചാൽ സ്റ്റേഷനിലെ ജീവനക്കാരും ചേർന്ന് രക്ഷപ്പെടുത്തി. വനപാലകർ മുളക്കൊണ്ട് ഏണിയുണ്ടാക്കിയ ശേഷം കിണറിൽ ഇറക്കി. കോണിയിലൂടെ കയറിയ മുകളിലെത്തിയ പുലി വനത്തിലേക്ക് ഓടി രക്ഷപ്പെട്ടു. സമീപ പ്രദേശങ്ങളിൽ നായ അടക്കമുള്ള നിരവധി വളർത്തു മൃഗങ്ങളെ പുലി പലപ്പോഴായി പിടികൂടിയിട്ടുള്ളതായി നാട്ടുകാർ പറഞ്ഞു.

PC-PNDT ACT
2024 June 7
Conference Hall, G.H., Thrissur
District Medical Office (Health)
Thrissur

ഡിഎംഒ ഡോ.ടി.പി ശ്രീദേവിയിൽ നിന്നു ഡോ.സിബിയ ജോജി അവാർഡ് ഏറ്റുവാങ്ങുന്നു.

ഡോ.സിബിയ ജോജിക്ക് അംഗീകാരം

ചാലക്കുടി: ലോക ദന്താരോഗ്യ ദിനാചരണത്തോടനുബന്ധിച്ച് മാനവികതക്ക് നൽകിയ സമർപ്പിതവും സ്തുത്യർഹവുമായ സേവനത്തിന് സംസ്ഥാന ആരോഗ്യവകുപ്പ് ഏർപ്പെടുത്തിയ അവാർഡിന് ചാലക്കുടി താലൂക്ക് ആശുപത്രിയിലെ ഡെന്റൽ സർജൻ ഡോ.സിബിയ ജോജി അർഹയായി.

ജില്ലാ മെഡിക്കൽ ഓഫീസർ ഡോ.ടി.പി ശ്രീദേവിയിൽ നിന്നു ഡോ.സിബിയ ജോജി അവാർഡ് ഏറ്റുവാങ്ങി.

ഡെപ്യൂട്ടി ഡിഎംഒമാരായ ഡോ.കെഎൻ സതീഷ്, ഡോ.ടി.കെ ജയന്തി, ഡോ.ഫ്ളെമി ജോസ്, ഡെപ്യൂട്ടി മാസ് മീഡിയ ഓഫീസർ സോണിയ ജോസഫ്, രംഗീന രാമകൃഷ്ണൻ പ്രസംഗിച്ചു.

പൂമല ഡാം; ജാഗ്രതാ മുന്നറിയിപ്പ്

തൃശൂർ: ശക്തമായ മഴയെ തുടർന്ന് മുളങ്കുന്നത്തുകാവ് പൂമല ഡാമിലെ ജലനിരപ്പ് 26 അടി 11 ഇഞ്ചായി ഉയർന്ന സാഹചര്യത്തിൽ ഷട്ടറുകൾ തുറക്കുന്നതിനു മുമ്പുള്ള ഒന്നാംഘട്ട മുന്നറിയിപ്പ് പുറപ്പെടുവിച്ചു. 29 അടിയാണ് ഡാമിന്റെ പരമാവധി ജലനിരപ്പ്. ഷട്ടറുകൾ ഏത് സമയത്തും തുറക്കാമെന്നതിനാൽ മലവായ തോടിന്റെ ഇരുവശങ്ങളിലും താമസിക്കുന്നവർ ജാഗ്രത പുലർത്തണമെന്ന് അസി.എക്സി. എഞ്ചിനീയർ അറിയിച്ചു.

മത്സ്യതൊഴിലാളി ക്ഷേമനിധി ഓഫീസ് കൊടുങ്ങല്ലൂരിൽ സ്ഥാപിക്കണമെന്ന്

കൊടുങ്ങല്ലൂർ: മത്സ്യതൊഴിലാളി ക്ഷേമനിധി ഓഫീസ് കൊടുങ്ങല്ലൂരിൽ സ്ഥാപിക്കണമെന്ന് ജില്ലാ മത്സ്യതൊഴിലാളി ഫെഡറേഷൻ (എഐടിയുസി) യോഗം ആവശ്യപ്പെട്ടു. കടലോരത്തും കായലോരത്തുമായി മത്സ്യത്തൊഴി ലാളികൾ തിങ്ങിപാർക്കുന്ന സ്ഥലമായ കൊടുങ്ങല്ലൂർ. മേഖല യിൽ ക്ഷേമനിധി ഓഫീസ് അനുവദിക്കാമെന്ന് തീരസദസിൽ മന്ത്രിമാർ ഉറപ്പ് നൽകിയിരുന്നു. .എന്നാൽ ഇതുവരെയായിട്ടും ഓഫീസ് പ്രവർത്തനം ആരംഭിച്ചിട്ടില്ല. സ്ഥലം കണ്ടെത്തി ഓഫീസ് പ്രവർത്തിക്കുന്നതിനാവശ്യമായ ഭരണ രവും സാങ്കേതികവുമായ നടപടി സ്വീകരിക്കണമെ ന്ന് സർക്കാരിനോടും ബന്ധപ്പെട്ട അധികാരികളോടും യോഗം ആവശ്യപ്പെട്ടു.

എഐടിയുസി ജില്ലാ സെക്രട്ടറി കെ.ജി.ശിവാനന്ദൻ ഉദ്ഘാടനം ചെയ്തു. ശോഭന ശാർങ്ങധരൻ അധ്യക്ഷത വഹിച്ചു. ജില്ലാ സെക്രട്ടറി കെ.സി.സതീശൻ, പി.കെ.സജീവ ൻ, ബി.ബി. സന്തോഷ്, എ.എം.രാധാകൃഷ്ണൻ പ്രസംഗിച്ചു.

പുതുക്കാട് ചാക്കോച്ചിറയിൽ മരം കടപുഴകി റോഡിലേക്ക് വീണപ്പോൾ.

മരം കടപുഴകി വീണു

പുതുക്കാട് : ചാക്കോച്ചിറയിൽ മല്ലി മരം കടപുഴകി റോഡിലേക്ക് വീണു. ഇതേ തുടർന്ന് ഏറെ നേരം വാഹന ഗതാഗതം തടസപ്പെട്ടു. പഞ്ചായത്തംഗം ഷാജു കാളിയേങ്കര വിവരം അറിയിച്ചതിനെ തുടർന്ന് ഫയർ ഫോഴ്സും കെഎസ്ഇബി അധികൃതരും സ്ഥലത്തെത്തി മരം മുറിച്ചു മാറ്റി. വൈദ്യുതി കമ്പികൾക്ക് കേടുപാടുകൾ സംഭവിച്ചു. സ്ഥലത്ത് വൈദ്യുതി വിതരണം തടസപ്പെട്ടിരിക്കുകയാണ്.

ICICI Home Finance
കോർപ്പറേറ്റ് ഓഫീസ്: ഐസിഐസിഐ ഹോം ഫിനാൻസ് കമ്പനി ലിമിറ്റഡ്, ഐസിഐസിഐ എച്ച്എഫ്സി ടവർ, അന്ധേരി- കുർള റോഡ്, അന്ധേരി ഈസ്റ്റ്, മുംബൈ- 400059, ഇന്ത്യ
ശാഖ ഓഫീസ്: ഒന്നാം നില, പ്രസാദ് ആർക്കേഡ് , ബിൽഡിംഗ് നമ്പർ 28/ 127/ 5 പാട്ടുരായ്ക്കൽ ജംഗ്ഷൻ, ഷൊർണൂർ റോഡ്, തൃശൂർ - 680022
സ്ഥാവരവസ്തുവിന്റെ വിൽപ്പനയ്ക്കുള്ള വിൽപ്പന നോട്ടീസ്

[illegible]

Sr. No.	വായ്പ്പക്കാരന്റെ/സഹവായ്പ്പക്കാരന്റെ/ ജാമ്യക്കാരന്റെ പേര്, നിയമപരമായ അവകാശികൾ ലോൺ അക്കൗണ്ട് നമ്പർ	ജാമ്യവസ്തുവിന്റെ വിശദാംശങ്ങൾ ഏതെങ്കിലും വിധത്തിലുള്ള ബാധ്യതയുണ്ടെങ്കിൽ അവ ഉൾപ്പെടെ	തിരിച്ചടയ്ക്കാനുള്ള തുക	റിസർവ് പ്രൈസ്		ഇൻസ്പെക്ഷൻ തിയതിയും സമയവും	ലേലത്തിന്റെ തിയതി, സമയം
					ഇഎംഡി		
(A)	(B)	(C)	(D)	(E)		(F)	(G)
1.	[illegible] Loan Account No. LHTHR00001351527 & LHTHR00001351199	[illegible]	Rs. 40,29,823/- June 04, 2024	Rs. 46,44,000/-	Rs. 4,64,400/-	July 08, 2024 11:00 AM 03:00 PM	July 16, 2024 02:00 PM 03:00 PM

[illegible] https://BestAuctionDeal.com [illegible] https://www.icicihfc.com/

തിയതി: ജൂൺ 08, 2024
സ്ഥലം: തൃശൂർ
അംഗീകൃത ഓഫീസർ
ഐസിഐസിഐ ഹോം ഫിനാൻസ് കമ്പനി ലിമിറ്റഡ്

INDIAN INSTITUTE OF HANDWRITING
മോശമായ കൈയക്ഷരം മൂലം പരീക്ഷയിൽ അർഹിക്കുന്ന മാർക്ക് നഷ്ടമാകുന്നുണ്ടോ?
100% RESULT GUARANTEED NO AGE BARRIER
HANDWRITING IMPROVEMENT COURSE
ENGLISH | മലയാളം | हिंदी (LANGUAGES)
"Improve Your Handwriting within Hours"
97452 02893 | 94475 74289

Edited, Printed and Published by Prasanth Narayanan on behalf of M/s.Vaartha News Network Pvt.Ltd., V. Reji Kumar (Executive Editor), Vol 17, Issue No. 159 RNI No. KERMAL/2009/31362, Printed at " Ideal Printers, Chalikkavattom, Vennala P O, Kochi - 682 028. and published from Vaartha News Network Pvt.Ltd, Suncity Complex, IInd Floor, Room No. 14/488/30, P.O. Koorkanchery, Thrissur- 680007, Ph: 0487 2444489. Email: tcrbureau@metrovaartha.com